Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# വാർത്താക്കുറിപ്പ്

TELEPHONE: 0471-2328158
MOBILE : 8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**17th October 2023**

## തദ്ദേശ വോട്ടർ പട്ടികയിൽ 2.685 കോടി വോട്ടർമാർ; അനർഹരായ 8.76 ലക്ഷം പേരെ ഒഴിവാക്കിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാനത്തെ 1034 തദ്ദേശസ്ഥാപനങ്ങളിലെയും വോട്ടർ പട്ടിക പുതുക്കി പ്രസിദ്ധീകരിച്ചു. അന്തിമ വോട്ടർപട്ടികയിൽ 2,68,51,297 വോട്ടർമാരാണുള്ളത്. ഇതിൽ 1,27,26,359 പുരുഷൻമാരും 1,41,24,700 സ്ത്രീകളും 238 ട്രാൻസ്ജെൻഡർകളുമാണുള്ളത്. സംക്ഷിപ്ത പുതുക്കലിന് മുന്നോടിയായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിലെ അനർഹരായ 8,76,879 വോട്ടർമാരെ ഒഴിവാക്കിയും പുതിയതായി പേര് ചേർക്കുന്നതിന് അപേക്ഷിച്ച 57640 പേരെ ഉൾപ്പെടുത്തിയുമാണ് അന്തിമ വോട്ടർപട്ടിക തയ്യാറാക്കിയിട്ടുള്ളത്. പുതിയ വോട്ടർമാരിൽ 27374 പുരുഷൻമാരും 30266 സ്ത്രീകളുമാണുള്ളത്.

941 ഗ്രാമ പഞ്ചായത്തുകളിലെ 15962 വാർഡുകളിലെയും 87 മുനിസിപ്പാലിറ്റികളിലെ 3113 വാർഡുകളിലെയും 6 കോർപ്പറേഷനുകളിലെ 414 വാർഡുകളിലെയും വോട്ടർപട്ടികയാണ് പ്രസിദ്ധീകരിച്ചത്. 2023 ജനവരി 1 യോഗ്യത തീയതി നിശ്ചയിച്ചാണ് പട്ടിക പുതുക്കിയത്. സംക്ഷിപ്ത പുതുക്കലിനായി കരട് വോട്ടർ പട്ടിക സെപ്റ്റംബർ 8ന് പ്രസിദ്ധീകരിച്ചരുന്നു. കരട് പട്ടികയിൽ 1,31,78,517പുരുഷൻമാരും 1,44,91,779 സ്ത്രീകളും 240 ട്രാൻസ്ജെൻഡറുകളും കൂടി ആകെ 2,76,70,536 വോട്ടർമാരാണ് ഉണ്ടായിരുന്നത്.

2020 ലെ പൊതുതിരഞ്ഞെടുപ്പിനു ശേഷം സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലെയും വോട്ടർ പട്ടിക ഇതാദ്യമായാണ് പുതുക്കുന്നത്. മുൻകാലങ്ങളിൽ മരണപ്പെട്ടവരോ താമസം മാറിയവരോ ആയ അനർഹരെ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിന് പ്രത്യേക ഊന്നൽ നൽകിയാണ് പട്ടിക പുതുക്കിയത്.

അന്തിമ വോട്ടർ പട്ടിക പ്രകാരം തദ്ദേശസ്ഥാപനതലത്തിലെ
വോട്ടർമാരുടെ ആകെ എണ്ണം

| ക്രമ നമ്പർ | തദ്ദേശ സ്ഥാപനം | പുരുഷൻ | സ്ത്രീ | ട്രാൻസ്ജെൻഡർ | ആകെ |
|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 9903071 | 10984361 | 170 | 20887602 |
| 2 | മുനിസിപ്പാലിറ്റി | 1676717 | 1874682 | 49 | 3551448 |
| 3 | കോർപ്പറേഷൻ | 1146571 | 1265657 | 19 | 2412247 |

അന്തിമ പട്ടികയിലെ വോട്ടർമാർ, പുതിയ വോട്ടർമാർ, ഒഴിവാക്കിയ വോട്ടർമാർ, കരട് പട്ടികയിലെ ആകെ വോട്ടർമാർ, എണ്ണം ജില്ലാതലത്തിൽ ;

| ക്രമ നമ്പർ | ജില്ല | അന്തിമ പട്ടികയിലെ വോട്ടർമാർ | | | | പുതിയ വോട്ടർമാർ | ഒഴിവാക്കിയ വോട്ടർമാർ | കരട് പട്ടികയിലെ വോട്ടർമാർ |
|---|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | ട്രാൻസ് ജെൻഡർ | ആകെ | | | |
| 1 | തിരുവനന്തപുരം | 1286237 | 1471540 | 23 | 2757800 | 2352 | 84612 | 2840060 |
| 2 | കൊല്ലം | 997271 | 1145658 | 19 | 2142948 | 1836 | 82732 | 2223844 |
| 3 | പത്തനംതിട്ട | 479293 | 556937 | 3 | 1036233 | 1725 | 44386 | 1078894 |
| 4 | ആലപ്പുഴ | 800386 | 909842 | 11 | 1710239 | 1348 | 74843 | 1783734 |
| 5 | കോട്ടയം | 748026 | 807558 | 10 | 1555594 | 3987 | 62399 | 1614006 |
| 6 | ഇടുക്കി | 426938 | 446332 | 5 | 873275 | 1489 | 33375 | 905161 |
| 7 | എറണാകുളം | 1214354 | 1304685 | 33 | 2519072 | 5836 | 76861 | 2590097 |
| 8 | തൃശ്ശൂർ | 1227022 | 1390190 | 23 | 2617235 | 3614 | 78443 | 2692064 |
| 9 | പാലക്കാട് | 1080606 | 1184006 | 20 | 2264632 | 4438 | 77450 | 2337644 |
| 10 | മലപ്പുറം | 1584377 | 1688630 | 45 | 3273052 | 12439 | 95825 | 3356438 |
| 11 | കോഴിക്കോട് | 1182206 | 1304974 | 24 | 2487204 | 9829 | 56588 | 2533963 |
| 12 | വയനാട് | 293821 | 310508 | 6 | 604335 | 1378 | 22765 | 625722 |
| 13 | കണ്ണൂർ | 918124 | 1068233 | 10 | 1986367 | 5388 | 58984 | 2039963 |
| 14 | കാസർഗോഡ് | 487698 | 535607 | 6 | 1023311 | 1981 | 27616 | 1048946 |
| ആകെ | | **12726359** | **14124700** | **238** | **26851297** | **57640** | **876879** | **27670536** |

*(എസ്.ഇ.സി.31/2023)*